## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4006 — 16.12.2014-ൽ മറുപടിയ്ക്ക്

## എസ്കോ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി. യുടെ ആഭി മുഖ്യത്തിൽ എസ്കോ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ; | (എ) & (ബി) കാര്യക്ഷമതയോടെ ഊർജ്ജ ഉപഭോഗം പ്രോൽസാഹിപ്പിക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എനർജി സേവിംഗ്സ് കോർഡിനേഷൻ ടീം (എസ്കോട്ട്) എന്ന വിഭാഗം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വൈദ്യുത വിതരണ ശൃംഗലയിലും വാണിജ്യ, വ്യാവസായിക, ഗാർഹിക വിഭാഗങ്ങളിലും എനർജി ആഡിറ്റിംഗ് നടത്തി ഊർജ്ജ ക്ഷമത കാര്യക്ഷമമായി നടപ്പിലാക്കി വൈദ്യുത ഉപയോഗം പ്രോൽസാഹിപ്പിക്കുകയാണ് ലക്ഷ്യം. വൈദ്യുതി ലാഭിക്കുന്നതു വഴിയുള്ള ധനലാഭത്തിൽനിന്നും മുടക്കുമുതൽ തിരിച്ചു പിടിക്കുന്നതിനുള്ള എസ്കോ മോഡൽപ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ഊർജ്ജ സംരക്ഷണത്തിനായി ഉപഭോക്താക്കളെ ബോധവൽക്കരിക്കാനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (സി) ഊർജ്ജ സംരക്ഷണ ബോധവൽക്കരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ട് വിവിധ ഉത്സവ നഗരികളിൽ പ്രദർശനങ്ങൾ, സ്കൂൾകോളേജ് വിദ്യാർത്ഥികൾ, റസിഡൻസ് അസ്സോസിയേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ വിവിധ വിഭാഗം വ്യാവസായിക കാർഷിക ഉപഭോക്താക്കളുടെ ഇടയിലും ഊർജ്ജ സംരക്ഷണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ദൂരദർശനിലെ പ്രതിവാര പരിപാടി "സ്പന്ദന"ത്തിലൂടെയും ഇത്തരത്തിലുള്ള ആശയങ്ങൾ പൊതുജനങ്ങളുമായി പങ്കുവയ്ക്കുന്നുമുണ്ട്. |

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

(ഡി) ഇത്തരം പ്രവർത്തനങ്ങളെല്ലാം വിവിധ സംഘടനകളുടെ സഹകരണത്തോടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് മുൻകൈയെടുത്താണ് നടത്തുന്നത്.

2014-15-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി പരിവർത്തന നിധി (innovation fund) യ്ക്കും എസ്കോ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ 7 കോടി രൂപ വകയിരുത്തുകയും ഇതിൽ നിന്ന് 3.5 കോടി രൂപ കെ. എസ്. ഇ. ബി. ലിമിറ്റഡിനു നൽകാൻ 24-11-2014-ൽ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ 7 കോടി രൂപയിൽ 3.425 കോടി രൂപ എസ്കോ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ളതാണ്.

**സെക്ഷൻ ഓഫീസർ.**